# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1201 — 12-03-2015 -ൽ മറുപടിക്ക്

## ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തന പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; | (എ) | കേരളമുൾപ്പെടെ 4 സംസ്ഥാനങ്ങളിൽ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതി 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ലോക ബാങ്കിനോട് കേന്ദ്ര സർക്കാർ ശുപാർശ ചെയ്തതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘടക പദ്ധതിയായ ഷെൽട്ടർ നിർമ്മാണത്തിന് കേരള സംസ്ഥാനത്തിന് 22.3 ദശലക്ഷം ഡോളർ വകകൊള്ളിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | **(എ)** മുന്നറിയിപ്പ് സംവിധാനം<br>**(ബി)** ഷെൽട്ടറുകളുടെ നിർമ്മാണം<br>**(സി)** ദുരന്താഘാതം വിലയിരുത്തുന്നതിനും നേരിടുന്നതിനും ആവശ്യമായ സാങ്കേതിക സഹായം<br>**(ഡി)** ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പ്രദേശ വാസികൾക്ക് ആവശ്യമായ പരിശീലനം<br>**(ഇ)** പദ്ധതി നിർവ്വഹണ യൂണിറ്റിന് (PIU) ആവശ്യമായ സഹായം |
| (സി) | മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് ഇതു സംബന്ധിച്ച് സ്ഥിരം പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) & (ഡി) | ഏതെല്ലാം പ്രദേശങ്ങളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് എന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | മലപ്പുറം ജില്ലയിലെ തീരദേശമണ്ഡലമായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ